<u>പ്രസിദ്ധീകരണത്തിന്</u>

സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ World cinema ആസ്വദിക്കുന്നതിനായി താല്പര്യമുള്ളവരുടെ ഒരു ഡേറ്റാ ബേസ് തയ്യാറാക്കുന്നു. ലോകോത്തര നിലവാരമുള്ള സിനിമകൾ ആധുനിക സാങ്കേതിക മികവോടുകൂടി ബിഗ് സ്ക്രീനിൽ കുറഞ്ഞ നിരക്കിൽ പ്രേക്ഷകർക്ക് എത്തിക്കുക എന്നതാണ് ലക്ഷ്യം. ആദ്യപടിയായി മൂന്നുമാസത്തെ സ്ക്രീനിംഗ് നടത്താനാണ് ഉദ്ദേശിക്കുന്നത്. SHOPLIFTERS BY HIROKAZU KORE-EDA (JAPAN), THE GUILTY -BY GUSTAV MOLLER (DENMARK), LOVELESS - BY ANDREY ZVYZGINSTEV (RUSSIA), YOMMEDDINE BY A.B.SHAWKY (EGYPT) തുടങ്ങിയ ലോക സിനിമകളാണ് പ്രദർശിപ്പിക്കുവാനുദ്ദേശിക്കുന്നത്. Cannes, Berlinale, Sundance എന്നീ ഫിലിം ഫെസ്റ്റിവലുകളിൽ പ്രദർശിപ്പിച്ച ചിത്രങ്ങളും ഇക്കൂട്ടത്തിൽ ഉണ്ടാകും. ഇപ്പോൾ കെ.എസ്.എഫ്.ഡി.സി.യുടെ തിരുവനന്തപുരത്തുള്ള തിയേറ്ററിൽ എല്ലാ ഞായറാഴ്ചകളിലും രാവിലെ 10.30 ന് നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. താല്പര്യമുള്ള സിനിമാസ്വാദകർ ksfdcworldcinema@gmail.com എന്ന മെയിൽ ഐ.ഡി.യിലേക്ക് പേര്, ജനനതീയതി, മേൽവിലാസം, ഫോൺ നമ്പർ എന്നിവ സഹിതം 15.11.2019 ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരു പരീക്ഷണാടിസ്ഥാനത്തിൽ ഡേറ്റാ ബേസിൽ രജിസ്റ്റർ ചെയ്യുന്ന സിനിമാസ്വാദകരുടെ എണ്ണത്തിനനുസൃതമായാണ് ഈ പദ്ധതി നടപ്പിലാക്കുവാനുദ്ദേശിക്കുന്നത്. പ്രേക്ഷകരുടെ പ്രതികരണത്തിനനുസൃതമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇക്കാര്യത്തിന് വേണ്ടത്ര പ്രതികരണം ലഭിച്ചാൽ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക മൂന്നുമാസത്തേക്ക് 900/- രൂപ മെമ്പർ ഷിപ്പ് ഫീസായി ലഭ്യമാക്കിയാൽ മതി.

18.10.2019

ഷാജി എൻ.കരുൺ
ചെയർമാൻ